**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2866** **24-02-2026 - ൽ മറുപടിയ്ക്ക്**

**മലയോര മേഖലകളിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ പാറശ്ശാല, വെള്ളറട എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിലനിൽക്കുന്ന കടുത്ത കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ എന്തൊക്കെ തനത് പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പാറശ്ശാല, വെള്ളറട ഉൾപ്പെടെയുള്ള 12 പഞ്ചായത്തുകൾക്ക് വേണ്ടിയാണ് 36 MLD ശേഷിയുള്ള കാളിപ്പാറ കുടിവെള്ള പദ്ധതി ആരംഭിച്ചത്. എന്നാൽ ഈ പഞ്ചായത്തുകൾക്ക് പുറമേ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിൽ കൂടി ജലം വിതരണം ചെയ്യേണ്ടി വന്നതിനാലും, പദ്ധതി പ്രദേശത്തെ ഉപഭോഗത്തെ തുടർന്നും, സ്കീമിന്റെ കാലപ്പഴക്കത്തെ തുടർന്നും നിലവിൽ പാറശാല, വെള്ളറട പ്രദേശങ്ങളിൽ കനത്ത ശുദ്ധജലക്ഷാമം നിലനിൽക്കുന്നു. നിലവിൽ കാളിപ്പാറ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായുള്ള വിവിധ പഞ്ചായത്തുകളിൽ പുതിയ 3 ജലശുദ്ധീകരണ ശാലകളുടെ നിർമ്മാണം നടന്നുവരികയാണ്. ഈ പദ്ധതികൾ പ്രവർത്തന ക്ഷമമാകുന്നതോടുകൂടി പാറശാല വെള്ളറട പ്രദേശങ്ങളിലേക്ക് കാളിപ്പാറയിൽ നിന്നും കൂടുതൽ ജലം ലഭ്യമാവുകയും നിലവിലുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ വെള്ളറട, അമ്പൂരി എന്നീ പഞ്ചായത്തുകളിലേക്ക് കാളിപ്പാറയിൽ നിന്നും ഒരേ പൈപ്പ് ലൈനിൽ നിന്നാണ് വെള്ളം എത്തുന്നത്. ഇതിന് പകരം വെള്ളറട പഞ്ചായത്തിന് വേണ്ടി പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിച്ച് ജല ലഭ്യത വർധിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.<br>പാറശ്ശാല മണ്ഡലത്തിലെ പാറശ്ശാല, വെള്ളറട എന്നീ ഗ്രാമ പഞ്ചായത്തുകളിലെ നിലവിലെ ജെജെഎം പ്രവൃത്തികളും അവയുടെ വിശദ വിവരങ്ങളും അനുബന്ധം 1, 2 ആയി ചേർക്കുന്നു.<br><br>കൂടാതെ പാറശ്ശാല മണ്ഡലത്തിൽ വെള്ളറട പഞ്ചായത്തിൽ കെ.ആർ.ഡബ്ല്യു.എസ്.എ സുസ്ഥിരത പദ്ധതി 2020-21 മുതൽ 2022-23 വരെ നടപ്പിലാക്കിയ ജലനിധി പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു |

| | | | |
|---|---|---|---|
| (ബി) | പാറശ്ശാല പഞ്ചായത്തിലെ നിലവിലുള്ള വണ്ടിച്ചിറ കുടിവെള്ള പദ്ധതി വഴി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കുടിവെള്ളം എത്തിക്കാൻ കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരമായി പദ്ധതി നവീകരിക്കാനോ പുതിയ പദ്ധതികൾ നടപ്പിലാക്കാനോ നിർദ്ദേശമുണ്ടോ; | (ബി) | വണ്ടിച്ചിറ കുടിവെള്ള പദ്ധതി വഴി നിലവിൽ എല്ലാ സ്ഥലത്തും കുടിവെള്ളം എത്തിക്കാൻ കഴിയാത്തതു കൊണ്ട് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജലജീവൻ മിഷനിലുൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ കാളിപ്പാറ ശുദ്ധജല പദ്ധതിയിൽ നിന്നുമുള്ള ജലം ധനുവച്ചപുരം ഐ.റ്റി.ഐ. ജങ്ഷനിൽ നിലവിലുള്ള ടാങ്കിൽ ശേഖരിച്ച് പുതുതായി സ്ഥാപിക്കുന്ന 250mm വ്യാസമുള്ള DI പൈപ്പ് ലൈനിലൂടെ (3KM) വണ്ടിച്ചിറ ജലശുദ്ധീകരണശാലയ്ക്കടുത്ത് പുതുതായി നിർമ്മിക്കുന്ന 2 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജല സംഭരണിയിൽ ശേഖരിക്കുകയും അവിടെ നിന്നും 40 എച്ച്.പി. പമ്പുപയോഗിച്ച് പമ്പ് ചെയ്ത് പുതുതായി നിർമ്മിക്കുന്ന 10 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണിയിലും ശേഖരിച്ച് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൂർത്തിയാക്കി കരാർ നൽകുകയും, പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>വണ്ടിച്ചിറ ജലസംഭരണിയിൽ നിന്ന് 7 കി.മീ. ദൈർഘ്യത്തിൽ 200 mm വ്യാസമുള്ള പൈപ്പിലൂടെ ജലം പമ്പ്ചെയ്ത് കൊടവിളാകത്ത് നിർമ്മിക്കുന്ന പുതിയ 5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയിലെത്തിച്ച് വിതരണം ചെയ്യാനുള്ള പദ്ധതി ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി നടത്തി വരുന്നു. ഇതിലുൾപ്പെട്ട കൊടവിളാകത്തെ ഉപരിതല ജലസംഭരണിയുടെ നിർമ്മാണം പുരോഗമിക്കുന്നു. വണ്ടിച്ചിറ പമ്പ് ഹൗസിൽ നിന്നും കൊടവിളാകത്തെ ജല സംഭരണിയിലേയ്ക്കുള്ള പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ തമിഴ്നാടിന് അവകാശപ്പെട്ട റോഡിലൂടെ സ്ഥാപിക്കാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ പ്രസ്തുത റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമായില്ല. ആയതിനാൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പുതിയ റൂട്ട് കണ്ടെത്തുകയും പുതുക്കിയ റൂട്ടിലൂടെ പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ള പ്രവൃത്തിയുടെ ദർഘാസ് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. പാറശ്ശാല പഞ്ചായത്തിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക സ്രോതസ്സ് പ്രയോജനപ്പെടുത്തി നിലവിലുള്ള 2.4 MLD പ്ലാന്റ് വിപുലീകരിക്കുന്നത് പരിശോധിക്കുന്നതാണ്. വിശദമായ പഠനം നടത്തി പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | പാറശ്ശാല മണ്ഡലത്തിലെ പാറശ്ശാല ഗ്രാമ പഞ്ചായത്തിലെ നിലവിലെ ജെജെഎം പ്രവൃത്തികളും അവയുടെ വിശദവിവരങ്ങളും അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | വെള്ളറട പഞ്ചായത്തിലെ മലയോര മേഖലകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജലജീവൻ മിഷൻ വഴിയോ മറ്റ് പ്രത്യേക ഫണ്ടുകൾ വഴിയോ പുതിയ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ നിലവിലെ പുരോഗതിയും നീക്കിവച്ച തുകയും എത്രയെന്ന് അറിയിക്കാമോ; വണ്ടിച്ചിറ പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനോ പൈപ്പ് ലൈനുകൾ വിപുലീകരിക്കുന്നതിനോ ആയി നിലവിൽ ഏതെങ്കിലും ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണനയിലുണ്ടോ; | (സി) | നിലവിൽ JJM മുഖേന 10947 കണക്ഷനുകൾക്ക് ഭരണാനുമതിയായി ലഭിച്ച 3361.45 ലക്ഷം തുകയിൽ 7986 കണക്ഷനുകൾ പൂർത്തീകരിച്ചു.കൂടാതെ പ്രതീക്ഷിച്ചിരുന്ന 155 Km ൽ 150 Km പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ കാളിപ്പാറ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായുള്ള വിവിധ പഞ്ചായത്തുകളിൽ പുതിയ 3 ജല ശുദ്ധീകരണ ശാലകളുടെ നിർമ്മാണം നടന്നുവരികയാണ്. ഈ പദ്ധതികൾ പ്രവർത്തന ക്ഷമമാകുന്നതോടുകൂടി പാറശാല വെള്ളറട പ്രദേശങ്ങളിലേക്ക് കാളിപ്പാറയിൽ നിന്നും കൂടുതൽ ജലം ലഭ്യമാവുകയും നിലവിലുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ വെള്ളറട, അമ്പൂരി എന്നീ പഞ്ചായത്തുകളിലേക്ക് കാളിപ്പാറയിൽ നിന്നും ഒരേ പൈപ്പ് ലൈനിൽ നിന്നാണ് വെള്ളം എത്തുന്നത്. ഇതിന് പകരം വെള്ളറട പഞ്ചായത്തിന് വേണ്ടി പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിച്ച് ജലലഭ്യത വർധിപ്പിക്കുന്നത് പരിഗണിക്കുന്നതാണ്. വണ്ടിച്ചിറ പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പൈപ്പ് ലൈനുകൾ വിപുലീകരിക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു . |
| (ഡി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായും കേടായ പൈപ്പ്‌ലൈനുകൾ റിപ്പയർ ചെയ്യുന്നതിനും വിവിധ പി.ഡബ്ല്യു.ഡി, പഞ്ചായത്ത് റോഡുകൾ വെട്ടിപ്പൊളിച്ചശേഷം അവ റിപ്പയർ ചെയ്തു നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ; ഇനിയും റിപ്പയർ ചെയ്യാനുള്ള റോഡുകളുടെ പ്രവൃത്തി എന്നേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കാമോ? | (ഡി) | ആദ്യം ജലജീവൻ മിഷനിലുൾപ്പെടുത്തി തദ്ദേശ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പുനസ്ഥാപിക്കുന്നതിനുള്ള തുക വകയിരുത്തിയിരുന്നില്ല. എന്നാൽ അഞ്ചാം എസ്.എൽ.എസ്.സി-യിൽ ഭരണാനുമതി നൽകിയ പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ കൂടി പുനസ്ഥാപിക്കുന്നതിനുള്ള തുക വകയിരുത്തിയിരുന്നു. മൂന്നാം എസ്.എൽ.എസ്. സി-യിൽ ഭരണാനുമതി നൽകിയ പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനസ്ഥാപന പ്രവൃത്തികൾ തങ്ങളുടെ സ്വന്തം ഫണ്ടുപയോഗിച്ച് നടപ്പിലാക്കണമെന്നാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ഫണ്ടിന്റെ അഭാവത്തെക്കുറിച്ച് മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പരാതിപ്പെടുകയും തുടർന്ന് 26.10.2023-ൽ അവയുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 16.08.2024-ന ശേഷം |

| | | | |
|---|---|---|---|
| | | | ജലജീവൻ മിഷനിലുൾപ്പെട്ട പ്രവൃത്തികളുടെ ദർഘാസുകൾക്കു കരാർ നല്കുവാനായി കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞ റോഡുകളുടെ പുനസ്ഥാപന പ്രവൃത്തികൾക്കുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചിട്ടില്ല.<br><br>വെട്ടിപ്പൊളിച്ച പി.ഡബ്ല്യു.ഡി റോഡുകളുടെ റിപ്പയർ വർക്കുമായി ബന്ധപ്പെട്ട് പി. ഡബ്ല്യൂ ഡി നൽകിയ ഡിമാൻഡ് നോട്ടീസ് പ്രകാരം റീസ്റ്റോറേഷൻ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൈപ്പ് ലൈനുകൾ സ്ഥാപിച്ച ചില പഞ്ചായത്ത് റോഡുകളുടെ ബാക്കിയുള്ള റീസ്റ്റോറേഷൻ വാട്ടർ അതോറിറ്റി നിർവ്വഹിച്ചു വരുന്നു. ബാക്കിയുള്ള റോഡുകളുടെ റീസ്റ്റോറേഷനുമായി ബന്ധപ്പെട്ട് നിലവിൽ ഭരണാനുമതി തുക ബാക്കി നിൽക്കുന്ന പഞ്ചായത്തുകളിൽ റോഡ് റീസ്റ്റോറേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തികൾ 2026 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ സാധിച്ചേക്കും. |

സെക്ഷൻ ഓഫീസർ

| അനുബന്ധം 1 | | | | |
|---|---|---|---|---|
| **Sl. No.** | **Assembly constituency** | **Panchayat** | **Name of works in Jal Jeevan Mission** | **Work status** |
| 1 | Parassala | Parasala | JJM 2020-21 PARASSALA GP PROVIDING FHTCs PHASE 1in Parasala Panchayath | Completed |
| 2 | Parassala | Parasala | JJM 2020-21 PARASSALA GP PROVIDING FHTCs PHASE 2 | Completed |
| 3 | Parassala | Parasala | JJM 2023-24 PARASSALA GP ELECTRONIC SURVEY PHASE 2in Parasala Panchayath | Completed |
| 4 | Parassala | Parasala | JJM Parassala Grama Panchayath - Balance workin Parasala Panchayath | Completed |
| 5 | Parassala | Parasala | QUOTATIONS (pipelaying) in Parasala Panchayath | Completed |
| 6 | Parassala | Parasala | JJM 2020-21 PARASSALA GP-panchayath ROADin Parasala Panchayath | Completed |
| 7 | Parassala | Parasala | Panchayath Road Resstoration - Balance workin Parasala Panchayath | Completed |
| 8 | Parassala | Parasala | JJM 2020-21 PARASSALA GP PROVIDING FHTCs PHASE 3in Parasala Panchayath | Ongoing |
| 9 | Parassala | Parasala | al Jeevan Mission (JJM)-CWSS to Kalipara - Optimization of Water treatment plant, Improving capacity of 36.00 MLD WTP at Kalippara-Supply, erection, testing & commissioning of back wash pump set at kalippara water treatment plantin Parasala Panchayath | Completed |
| 10 | Parassala | Parasala | Jal Jeevan Mission (JJM)-CWSS to Kalipara - Optimization of Water treatment plant, Improving capacity of 36.00 MLD WTP at Kalippara--General Civil Work | Ongoing |
| 11 | Parassala | Parasala | RWSS to Parassala - Supply, Erection and testing of a new line booster pumpset at Parasuvaikal Booster pump housein Parasala Panchayath | Ongoing |
| 12 | Parassala | Parasala | RWSS to Parassala - Supply, Erection and testing of a new lineVT Pumpset Replacing old submersible pump and raw water pump house Vandichirain Parasala Panchayath | Ongoing |
| 13 | Parassala | Parasala | RWSS to Parassala - Supply, Erection and testing of a new CF pumpset at clear water pump house WTP VANDICHIRA SUBSTITUITING PUMP WITH LOWER DISCHARGE in Parasala Panchayath | Ongoing |
| 14 | Parassala | Parasala | JJM CWSS to KALIPARA Optimization of water treatment plant improving capacity of 36 MLD WTP at Kalipara electrical maintenance of sub station in Parasala Panchayath | Completed |
| 15 | Parassala | Parasala | PARASSALA GP-12 LL OHSR at vandichira, 2LLCW sump,PH&CF pump set (Part 1)in Parasala Panchayath | Ongoing |
| 16 | Parassala | Parasala | JJM 2023-24 Parassala GP-Supplying&Laying 200 mm DI K9 Pipe from WTP vandichira to Kodavilakom OHSRin Parasala Panchayath | Ongoing |

| | | | | |
|---|---|---|---|---|
| 17 | Parassala | Parasala | JJM PARASSALA GP of 250 mm DIK9 TM from Danuvachapuram Jn to Vandichira 2 LL sump and 250 mm DIK9 PM from 2 LL sump to 12 LL OHSR at Vandichira (Part 2)-Pipeline Workin Parasala Panchayath | Ongoing |
| 18 | Parassala | Parasala | Construction of 5 LL capacity OHSR at Kodavilakom in Parasala Panchayath | Ongoing |
| 19 | Parassala | Parasala | Supplying laying,testing and commissioning of 300mm DI K9 from WTP site at Ponvila to Idichakkaplamoodu and interconnection works in Parasala Panchayath | Completed |
| 20 | Parassala | Parasala | JJM-Parassala GP-Demolishing existing old GLSR for construction of new 12 LL OHSR at Vandichira sitein Parasala Panchayath | Completed |
| 21 | Parassala | Parasala | JJM-Parassala Panchayath Supplying and Laying 200mm DI K9 pipe from WTP Vandichira to Kodavilakom OHSR (Balance portion ) Part-2 Pipe line workin Parasala Panchayath | Tender Stage - LoA Ready |
| 22 | Parassala | Vellarada | JJM-CWSS TO KALIPARA PROVIDING FHTCs IN VELLARADA GP PHASE 1in Vellarada Panchayath | Completed |
| 23 | Parassala | Vellarada | JJM 2021-24 - Supplying and laying distribution System and providing FHTCs phase 2 in Vellarada Panchayath | Ongoing |
| 24 | Parassala | Vellarada | JJM TOPOGRAPHICAL SURVEY IN VELLARADA GPin Vellarada Panchayath | Completed |
| 25 | Parassala | Vellarada | JJM2020-21 PROVIDING FHTCs AT VENKODE LAKSHAM VEEDU COLONYPART 1AND 2 (QTN) in Vellarada Panchayath | Completed |
| 26 | Parassala | Vellarada | JJM 2020-21 PROVIDING WATER SUPPLY FACILITY BY INSTALLING BOOSTER PUMP TO ELEVATED PLACES IN KURUSUMALA AREA in Vellarada Panchayath | Completed |
| 27 | Parassala | Vellarada | QUOTATIONin Vellarada Panchayath | Completed |
| 28 | Parassala | Vellarada | JJM-2020-1-VELLARDA PANCHAYATH-WATER SUPPLY LINE EXTENSION AND PROVIDING FHTC OF VELLARDA PANCHAYATH ROAD in Vellarada Panchayath | Completed |
| 29 | Parassala | Vellarada | JJM-CWSS TO KALIPARA PROVIDING FHTCs IN VELLARADA GP PHASE 3in Vellarada Panchayath | Ongoing |
| 30 | Parassala | Vellarada | PWD road Tarring and Concrete worksin Vellarada Panchayath | Completed |

| അനുബന്ധം 2 | | | | | | | | |
|---|---|---|---|---|---|---|---|---|
| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM ന മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ | പൂർത്തീകരണം (%) |
| Parasala | 18703 | 3876 | 14827 | 7970.28 | 4455 | 8331 | 10372 | 30 |
| Vellarada | 11967 | 1552 | 10947 | 3361.45 | 8100 | 9652 | 2315 | 74 |

## അനുബന്ധം-3

| 2020-21 | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക ലക്ഷത്തിൽ | ചെലവഴിച്ച തുക ലക്ഷത്തിൽ | റിമാർക്ക്സ് |
| 1 | ബദസ്ഥ | 7.72 | 6.45 | പൂർത്തിയാക്കി |
| 2 | അമൃതം | 4.93 | 2.95 | പൂർത്തിയാക്കി |
| 3 | സിന്ധു | 5.26 | 4.63 | പൂർത്തിയാക്കി |
| 4 | ജലപ്രിയ | 8.40 | 4.39 | പൂർത്തിയാക്കി |
| 5 | ഐശ്വര്യ | 10.00 | 10.00 | പൂർത്തിയാക്കി |
| 2021-22 | | | | |
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക ലക്ഷത്തിൽ | ചെലവഴിച്ച തുക ലക്ഷത്തിൽ | റിമാർക്ക്സ് |
| 1 | തേജസ് | 8 | 6.0 | പൂർത്തിയാക്കി |
| 2 | സാഫല്യം | 8.6 | 6.75 | പൂർത്തിയാക്കി |
| 3 | തേൻധാര | 7 | 5.25 | പൂർത്തിയാക്കി |
| 4 | സോമതീർഥം | 8 | 6.0 | പൂർത്തിയാക്കി |
| 5 | യമുന | 8 | 5.47 | പൂർത്തിയാക്കി |
| 6 | വെള്ളാർ | 6.5 | 4.41 | പൂർത്തിയാക്കി |

| 2022-23 | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക ലക്ഷത്തിൽ | ചെലവഴിച്ച തുക ലക്ഷത്തിൽ | റിമാർക്ക്സ് |
| 1 | ചൈത്രം | 12 | 8.13 | പൂർത്തിയാക്കി |
| 2 | കാവേരി | 8 | 6.19 | പൂർത്തിയാക്കി |
| 3 | തുഷാര | 11 | 5.52 | പൂർത്തിയാക്കി |
| 4 | കരുണ | 8 | 6.63 | പൂർത്തിയാക്കി |